# GOVT. U.P SCHOOL
# ANICKADU

## ACCADEMIC MASTER PLAN
## 2025-26

GOVT. UPS ANICKADU

विद्ययाऽमृतमश्नुते

Estd: 1912

HEADMISTRESS - SATHI.S
SCHOOL CODE-31319
MOB:9495705511
EMAIL:govtupsanickad@gmail.com

നൂറുവർഷത്തിലേറെയായി തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നല്കിക്കൊണ്ടിരിക്കുന്ന ആനിക്കാട് ഗവ.യു.പി സ്കൂൾ 2025-26 അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ അനസ്യൂതം മികവ് പുലർത്തിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് പുത്തൻ ആശയങ്ങൾ ഉൾക്കൊണ്ട്, കാലഘട്ടത്തിനനുസരിച്ച് ഒരു കൂട്ടം വിദ്യാർത്ഥികളെ വാർത്തെടുക്കേണ്ടത് ഓരോ വിദ്യാലയത്തിന്റെയും കടമയാണ്. ആ ലക്ഷ്യത്തിലേക്ക് ആനിക്കാട് ഗവ. യു.പി. സ്കൂൾ നടന്നു കയറുകയാണ്. പഠനം ലളിതവും ആസ്വാദ്യകരവുമാക്കുക, അതോടൊപ്പം വിദ്യാർത്ഥികളുടെ അഭിരുചിക്കിണങ്ങിയ പഠനരീതിശാസ്ത്രം അവലംബിക്കുക എന്നതുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഇതിലൂടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം ഉയർത്താനും അവരെ മികവിലേക്ക് നയിക്കാനും സാധിക്കും. വിദ്യാർത്ഥികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പഠനത്തെ കൂടുതൽ വ്യക്തിഗതമാക്കുക എന്നതാണ് ഈ പ്ലാനിന്റെ ലക്ഷ്യം.

ഓരോ വിദ്യാർത്ഥിയുടെയും താത്പര്യങ്ങൾ, കഴിവുകൾ, പഠനരീതികൾ എന്നിവ മനസ്സിലാക്കി അവർക്കാവശ്യമായി പിന്തുണ നല്കും. അധ്യാപകർക്ക് പുതിയ അറിവുകളും പരിശീലനങ്ങളും നൽകി അക്കാദമിക മികവ് വർധിപ്പിക്കാനും ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

പാഠ്യ പദ്ധതിയെ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളും ആയി ബന്ധിപ്പിച്ച് പഠനാനുഭവങ്ങൾ കൂടുതൽ പ്രസക്തവും ആകർഷകവുമാക്കാൻ ഞങ്ങൾ ശ്രമിക്കും. ഇതിലൂടെ വിദ്യാർത്ഥികൾക്ക് അറിവ് നേടുന്നതിനൊപ്പം വിമർശനാത്മക ചിന്തയും പ്രശ്നപരിഹാരശേഷിയും വളർത്താനും സാധിക്കും. ഈ അക്കാദമിക മാസ്റ്റർപ്ലാൻ ആനിക്കാട് ഗവ.യു.പി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1.

### ഗണിതം

**ആമുഖം :**

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്കസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
- ഒമ്പതിൽ താഴെയുള്ള വ്യത്യസ്തസംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്കസംഖ്യാപാറ്റേൺ രൂപീകരിക്കൽ
- പ്രശ്നനിർധാരണത്തിനുള്ള കഴിവ്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

STD : II

## ലക്ഷ്യങ്ങൾ

1. ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക.
2. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
3. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
4. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക
5. IT സാധ്യതകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക.

## പ്രവർത്തനപദ്ധതികൾ

പ്രവർത്തനം 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | രണ്ടാം ക്ലാസിന് അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിധം ശില്പശാലകൾ, ശേഖരങ്ങൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | Cl. Tr. | S R G. |

## വിദ്യാലയത്തിൽ പ്രതിക്ഷിക്കുന്ന മാറ്റം

1. എല്ലാ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യമാസികകൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
2. രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതി തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യുന്നു.
3. സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മകരചനകൾ രചിക്കുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.
4. രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പി.ടി.എ.കൾ ശക്തിപ്പെടുത്തും.
5. സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

ലക്ഷ്യം : * നാടൻപാട്ട് ചൊല്ലിയും സ്വയം താളമിട്ട് ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വാദനത്തിൽ ആനന്ദം കണ്ടെത്തുക.

* വായ്ത്താരി നിർമാണത്തിൽ സ്വയം പ്രാവീണ്യം നേടുക.
* പഴഞ്ചൊല്ലുകളും നാട്ടുമൊഴി പദങ്ങളും സ്വന്തം ഭാഷാ പ്രയോഗത്തിൽ ഉചിതമായി ഉൾപ്പെടുത്തുക.
* സാഹിത്യ രചനകൾ സ്വയം വായിച്ചും ഗ്രഹിച്ചും ആസ്വദിക്കുക.

| | പ്രവർത്തനം | കാലയളവ് |
|---|---|---|
| | വായ്ത്താരി ചന്തം<br>വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു, അവതരിപ്പിക്കുന്നു.<br>വായ്ത്താരി മേളം<br>ശേഖരിച്ച വായ്ത്താരികൾ ബാലസഭ, സർഗവേള എന്നിവയിൽ അവതരണം_<br>നാടൻപാട്ട് ശില്പശാല<br>പാവനാടകം പരിചയപ്പെടൽ, അവതരണം. | ജൂൺ |
| 2. | പഴഞ്ചൊൽ പെരുമ<br>പഴഞ്ചൊൽ ശേഖരണം<br>പഴഞ്ചൊല്ലിലെ ആശയാവിഷ്കാരം. | ജൂൺ - ജൂലൈ |

അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിന വേണ്ടി എല്ലാ വിദ്യാലയങ്ങളിലും തയ്യാറാക്കി വരുന്ന ഒരു രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

പഠനമേഖലകൾ

* രൂപങ്ങൾ
* സംഖ്യാബോധം
* സങ്കലനം
* വ്യവകലനം.
* ഗുണനം
* ഹരണം
* സമയം
* കലണ്ടർ
* അളവുകൾ

ഗണിതപഠനലക്ഷ്യങ്ങൾ

* സംഖ്യാബോധം
* ചതുഷ്ക്രിയകൾ
* പ്രായോഗികപ്രശ്നങ്ങൾ- പരിഹരിക്കുന്നതിന് കഴിയുക.
* വിവിധതരം അളവുകൾ- നീളം, ഭാരം, വ്യാപ്തം, സമയം, നാണയങ്ങൾ
* വിവിധ ജ്യാമിതിയരൂപങ്ങൾ പരിചയപ്പെടുന്നതിനും അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നതിനും പാറ്റേൺ രൂപീകരിക്കുന്നതിനും അവസരം നൽകുക.
* സർഗാത്മക കഴിവുകൾ, യുക്തിചിന്തകൾ എന്നിവ വളർത്തുന്നതിന് അവസരം ഒരുക്കുക
* മന:ക്കണക്കായി ക്രിയകൾ ചെയ്യുന്നതിനും ഗണനചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip.<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. | പ്രകൃതി – താണ്ഡവം നേർക്കാഴ്ച<br>→ →<br>ഭൂകമ്പം സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കു- | അക്കാദമിക വർഷാരംഭം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സംസ്കൃതം

### ആമുഖം

മാതൃഭാഷാ പദവി നിലനിൽക്കുന്ന വിദ്യാലയമെന്ന നിലയ്ക്ക് ഭാരതീയ ഭാഷകളിൽ ഏറ്റവും പുരാതനവും സവിശേഷവുമായ സംസ്കൃതഭാഷ ത്തിലെ എല്ലാ മേന്മകളും ഉൾക്കൊണ്ട് സാധ്യ മാക്കുവാൻ അവസരങ്ങളൊരുക്കുന്നു. സർവ്വ ത ഭാഷാജനനി എന്ന ബഹുമാന്യാനുഗുണം ന്യമായ ശാസ്ത്രീയ പശ്ചാത്തലത്തിൽ പഠിച്ചുപോരു ു ചിട്ടവട്ടങ്ങൾ, അക്കാദമിക സംവിധാനത്തിൽ ഉൾച്ചേർത്ത് ഒരു സംയോജിത ക്രമീകരണമാണ് നടപ്പിലാക്കുന്നത് എന്ന ഉൾക്കാഴ്ചയോടെ വിഭാവനം ചെയ്ത മാസ്റ്റർപ്ലാൻ വിദ്യാർത്ഥികൾക്ക് ഏറ്റവും അനുയോജ്യമായതാണ്.

# UP സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്. | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ<br>Eco club,<br>Science club,<br>Health club. | PTA |
| | **കണ്ടറിയാനൊരു യാത്ര.**<br>സ്കൂളിന് സമീപമുള്ള കുളവും കാവും നിരീക്ഷിച്ച് വ്യത്യസ്ത ജീവികളെ തിരിച്ചറിയാനുള്ള യാത്ര.<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്ര അധ്യാപകർ<br>Eco club,<br>Science club,<br>Health club | PTA |
| | **ലിറ്റിൽ സയന്റിസ്റ്റ്**<br>നിത്യജീവിതമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>മോഡൽ നിർമ്മാണം. | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - വിവരണം<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>ജൂലൈ - ആഗസ്റ്റ് | പുസ്തകങ്ങൾ, ചിത്രങ്ങൾ | അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു.<br>* വായനാനേരം<br>* വായനാക്കുറിപ്പ് പതിപ്പ്<br>* ക്ലാസ് ലൈബ്രറി<br>* സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>* ഇ - വായന<br>* വാർത്താവായന.<br>* ക്വിസ് മത്സരങ്ങൾ | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | PTA<br>അധ്യാപകർ |